## നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും

അപ്പ. പ്രവ. 1:8

# വിചിന്തനം

## ഒക്ടോബർ 2022

ഉത്ഥിതനായ യേശു ശിഷ്യർക്കു നൽകിയ വേർപിരിയൽ സന്ദേശത്തിൽനിന്നാണ് ഇക്കുറി ലോക മിഷൻ ദിനത്തിന്റെ പ്രമേയം ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. വൈകാരികമായി ആഴമേറിയതും യേശുവിനു തന്റെ ശിഷ്യരോടുള്ള അടുപ്പം വ്യക്തമാക്കുന്നതുമായ വാക്കുകളാണവ. ''പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും; ജെറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും.''

ഇതിലെ കേന്ദ്രഭാഗം 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും' എന്നത് ഓരോ മിഷനറിയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ ഓർമിപ്പിക്കുന്നു. നാം ഈ ലോകത്തിലെ അവന്റെ പ്രതിനിധികളാണ്! സഭയുടെ സേവനത്തിലുള്ള ഒരു മിഷനറി മുന്നേറ്റത്തിന്റെ ഭാഗമെന്ന നിലയിൽ, ലോകത്തിൽ യേശുവിന്റെ സന്ദേശവാഹകരാനുള്ള ഈ വ്യക്തിപരമായ നിയോഗം നമ്മുടെ ജീവിതത്തിന്റെ ഡിഎൻഎ (DNA) ആയിരിക്കണം. എന്നിരുന്നാലും, ഈ ദൗത്യം നാം ഒറ്റയ്ക്കോ സ്വന്തം ഇഷ്ടത്താലോ അല്ല, മറിച്ച് സഭാ സമൂഹവുമായുള്ള കൂട്ടായ്മയിൽ ഒരുമയോടെ നിർവഹിക്കണമെന്ന് മാർപാപ്പ ഓർമിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു വ്യക്തി ഒറ്റയ്ക്ക് സുവിശേഷ ദൗത്യം നിർവഹിക്കുന്ന സന്ദർഭങ്ങളിൽ പോലും, തന്നെ നിയോഗിച്ച സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടത്. ഒരു ശിഷ്യനെ യേശു ലോകത്തിലേക്ക് അയയ്ക്കുന്നത് ഈ ദൗത്യം നിർവഹിക്കാൻ മാത്രമല്ല, എല്ലാറ്റിനുമുപരിയായി അതേ ദൗത്യം ജീവിക്കാനുമാണ്. ഒരു തരത്തിൽ ഇത് വാക്കും പ്രവൃത്തിയും തമ്മിലുള്ള സമന്വയം ആവശ്യപ്പെടുന്നു. അതുകൊണ്ട്, സുവിശേഷവത്കരണത്തിൽ ക്രിസ്തീയ ജീവിതമാതൃകയും പ്രഘോഷണവും അഭേദ്യമാണ്. ഉയർത്തെഴുന്നേറ്റ കർത്താവിനെക്കുറിച്ചുള്ള വ്യക്തിപരമായ അറിവിനനുസരിച്ചു മാത്രമേ നമുക്ക് സാക്ഷ്യം നൽകാൻ കഴിയൂ. ക്രിസ്തുവുമായുള്ള നമ്മുടെ അടുപ്പത്തിന്റെ ഒരു സ്വാഭാവികമായ കവിഞ്ഞൊഴുകൽ ആയിരിക്കണം നമ്മുടെ പ്രഘോഷണം.

നാം ജെറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും അവന്റെ സാക്ഷികളായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരു സാക്ഷി എന്നാൽ അത് ദൃക്സാക്ഷി / കോടതിയിലെ സാക്ഷി / ഒരു ദൂതൻ അല്ലെങ്കിൽ മരണം വരിക്കുന്ന രക്തസാക്ഷി ഒക്കെ ആകാം. എന്നാൽ ഇവിടെ പരാമർശിക്കുന്ന സ്ഥലങ്ങളുടെ പ്രാധാന്യം എന്താണ്? ജെറുസലേമും യൂദയായും സമരിയായുമൊന്നും നമ്മിലധികം പേർക്കും ചെന്നെത്താനാകുന്ന സ്ഥലങ്ങളല്ലല്ലോ. അതിനാൽ അവയെ നമ്മുടെ മിഷനറി ദൗത്യത്തിന്റെ വിവിധതലങ്ങളായി മനസ്സിലാക്കാം. ക്രിസ്തുസാക്ഷ്യത്തിന്റെ ആദ്യതലം നമ്മുടെ സ്വന്തം കുടുംബത്തിലും ബന്ധുജനങ്ങൾക്കിടയിലും അയൽപക്കങ്ങളിലും സുഹൃത്തുക്കൾക്കിടയിലും ആയിരിക്കണം. നമ്മുടെ കുടുംബവുമായും അടുത്ത സഹപ്രവർത്തകരുമായും യേശുവിനെ പങ്കിടാനായില്ലെങ്കിൽ നമുക്ക് യേശുവിന്റെ യഥാർത്ഥ സാക്ഷിയാകാൻ കഴിയില്ല. നമ്മുടെ ദൗത്യം ആരംഭിക്കേണ്ടത് ജറുസലേമിൽ നിന്നാണ് എന്നു പറയുന്നതിന്റെ അർത്ഥം ഇപ്പോൾ കുറച്ചുകൂടെ വ്യക്തമാണ്.

ദൗത്യത്തിന്റെ അടുത്തഘട്ടം നമ്മുടെ കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും വലയത്തിനപ്പുറമുള്ള പ്രഘോഷണവും സാക്ഷീകരണവുമാണ്. നമ്മുടെ സാഹചര്യത്തിൽ, അത് ജീസസ് യൂത്ത് വേദികളിലും അതോടൊപ്പം നാം ജോലി ചെയ്യുന്നതോ പഠിക്കുന്നതോ ആയ സ്ഥലങ്ങളിലും എന്ന് അർത്ഥമാക്കാം. ഇതാണ് യൂദയാ മുഴുവനിലുമുള്ള സാക്ഷ്യം വഹിക്കൽ. അങ്ങനെയെങ്കിൽ നമ്മുടെ സ്വച്ഛതയിൽ നിന്ന് (comfort zone) പുറത്തേക്കു കടക്കാനുള്ള ആഹ്വാനമല്ലേ സമരിയ നൽകുന്നത്? ഈ ഘട്ടം കൂടുതൽ സ്ഥൈര്യവും അഭിനിവേശവും ആവശ്യപ്പെടുന്നു. ഇവിടെ നമ്മുടെ ഭയത്തിനും പരിമിതികൾക്കും ഉൾവലിയലുകൾക്കുമപ്പുറം പോകേണ്ടതുണ്ട്. ഹൃദയത്തിൽ നാം അനുഭവിക്കുന്ന ആനന്ദം പങ്കുവയ്ക്കാനുള്ള താൽപര്യവും പരിശുദ്ധാത്മാവിന്റെ നിറവും നമ്മെ ഇതിനായി പ്രാപ്തരാക്കുന്നു.

കർത്താവിനെ സാക്ഷീകരിക്കുന്നതിലെ നാലാമത്തെയും അവസാനത്തെയും തലം കർത്താവിനും അവന്റെ ദൗത്യത്തിനുമുള്ള സമ്പൂർണ സമർപ്പണവും ദൈവരാജ്യം പ്രഘോഷിക്കുന്നതിനുള്ള സംലഭ്യതയുമാണ്. ഈ ഘട്ടത്തിൽ ഒന്നും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു വേർപെടുത്തുകയില്ല (റോമ 8:35). നാം ഈ ഘട്ടത്തിലേക്ക് പുരോഗമിക്കുമ്പോൾ, നാം യേശുവിന്റെ യഥാർത്ഥ സന്ദേശവാഹകരാകും. നാം ചെയ്യുന്നതോ പറയുന്നതോ ആയ എന്തും യേശുവിന്റെ

സുഗന്ധം പുറപ്പെടുവിക്കുകയും അതിർത്തികൾ വരെയും നാം യേശുവിന്റെ സാക്ഷികളായിത്തീരുകയും ചെയ്യും. 'ഭൂമിയുടെ അതിർത്തികളിലേക്ക്' സഞ്ചരിക്കാൻ ശാരീരികമായി വിളിക്കപ്പെടുന്നവർ ചുരുക്കമാണെങ്കിലും ആധുനിക സാങ്കേതികവിദ്യ നമുക്ക് പരിധികളില്ലാത്ത അവസരങ്ങൾ നൽകുന്നുണ്ട്.

ഈ മിഷനറി മാസം ഓരോ ജീസസ് യൂത്തിനെയും സ്വപ്നം കാണാനും യഥാർത്ഥ മിഷനറി മുന്നേറ്റത്തിനായി അധ്വാനിക്കാനും വെല്ലുവിളിക്കുന്നു. നാം ഇടപെടുന്ന എല്ലാറ്റിലും എല്ലായിടത്തും സുവിശേഷത്തിനായി മിടിക്കുന്ന ഹൃദയത്തോടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കത്തിജ്വലിക്കുന്ന മിഷൻ തീഷ്ണത പ്രവഹിക്കട്ടെ. നമ്മുടെ ഭവനങ്ങളിലും കലാലയങ്ങളിലും ജോലിസ്ഥലങ്ങളിലും ക്രിസ്തുവിന്റെ 'സുഗന്ധം' സംവഹിക്കുന്നതിന് നമുക്ക് ഗുരുവിനോട് അടുത്തിരിക്കാം. 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും' എന്ന ക്രിസ്തുവിന്റെ ശബ്ദം നമ്മിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മളും നമ്മളിലൂടെ മറ്റുള്ളവരും തീർച്ചയായും അനുഗ്രഹീതരാകും.

- ഫാ. ഷൈജൻ ജോബ് എസ്ഡിബി.
ഏഴാം ബാച്ച് ഫുൾടൈമർ. നിലവിൽ സൗത്ത് സുഡാനിലെ വാഉ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ മിഷൻ റെക്ടറായി സേവനം ചെയ്യുന്നു. ജീസസ് യൂത്ത് ഇന്റർനാഷനൽ മിഷൻ ടീമിന്റെ ചാപ്ലൈനുമാണ്.